(എഫ്) ഇല്ല.

(ജി) 2001 ജനുവരിക്കുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചില സാങ്കേതിക കാരണങ്ങളാൽ ആർക്കും ട്രെയിനിംഗിന് അനുമതി നൽകിയിട്ടില്ല. എസ്.എ.ടി. ആശുപത്രിയിൽ 11 വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് അനുവദിച്ചിരുന്നു. അതിൽ 10 പേർ ജോയിൻ ചെയ്തിട്ടുണ്ട്.

(എച്ച്) കൊല്ലം ഫാത്തിമാ കോളേജ് ഓഫ് ഫാർമസിയിൽ നിന്നും 9 പേർക്കും ചാലക്കുഴി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്സിൽ നിന്നും ഒരു വിദ്യാർത്ഥിക്കും അഡ്മിഷൻ നൽകിയിട്ടുണ്ട്.

സൂപ്പർ സ്പെഷ്യാലിറ്റിയിൽ ഡി.എം./എം.സി.എച്ച്.കോഴ്സുകൾ ആരംഭിക്കാൻ നടപടി

203 (1138) ശ്രീ.എം.ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ക്യാൻസർ ചികിത്സായിൽ സ്പെഷ്യാലിറ്റി ഡിഗ്രിയുള്ള എത്ര ഡോക്ടർമാർ ഉണ്ട് ;

(ബി) മെഡിക്കൽ കോളേജിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നിർദ്ദേശ പ്രകാരം ഡി.എം.യോഗ്യതയുള്ള എത്ര മെഡിക്കൽ ഓങ്കോളജിസ്റ്റുകൾ ജോലി ചെയ്യുന്നുണ്ട് ; ഇവരിൽ പ്രൊഫസർമാർ, അസോസിയേറ്റ് പ്രൊഫസർമാർ, അസിസ്റ്റന്റ് പ്രൊഫസർമാർ ലക്ചറർ എന്നിവർ എത്ര വീതമുണ്ടെന്ന് വിശദമാക്കാമോ ;

(സി) സർജിക്കൽ ഓങ്കോളജിയിൽ എം. സി. എച്ച്. യോഗ്യതയുള്ള എത്ര സർജിക്കൽ ഓങ്കോളജിസ്റ്റുകളുണ്ട് ; ഇവരിൽ എത്ര പ്രൊഫസർമാർ, അസോസിയേറ്റ് പ്രൊഫസർമാർ, അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ ഉണ്ടെന്ന് വിശദമാക്കാമോ ;

(ഡി) റേഡിയോ ഓങ്കോളജിയിൽ ഡി.എം./എം.ഡി. യോഗ്യതയുള്ള പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ എന്നിവർ എത്ര വീതമുണ്ടെന്ന് വ്യക്തമാക്കാമോ

(ഇ) ശ്രീചിത്ര മെഡിക്കൽ സെന്ററിൽ ഉള്ളതുപോലെ എന്തുകൊണ്ടാണ് റീജിയണൽ ക്യാൻസർ സെന്ററിലും സുപ്പർ സ്പെഷ്യാലിറ്റിയിൽ ഡി.എം./എ. സി.എച്ച്. കോഴ്സുകൾ ആരംഭിക്കാത്തതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 29 പേർ.

(ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) റീജിയണൽ ക്യാൻസർ സെന്ററിൽ 5 പേരുണ്ട്. ഇവരിൽ നാലു പേർ അസിസ്റ്റന്റ് പ്രൊഫസർമാരും ഒരാൾ ലക്ചററും ആണ്.

(ഡി) റേഡിയേഷൻ ഒങ്കോളജിയിൽ ഡി.എം. ഡിഗ്രി ഇന്ത്യയിലില്ല. ആർ. സി. സി. യിൽ ഈ സ്പെഷ്യാലിറ്റിയിലുള്ള എല്ലാ ഡോക്ടർമാരും റേഡിയേഷൻ ഒങ്കോളജിയിൽ എം.ഡി. ബിരുദം ഉള്ളവരാണ്.

(ഇ) ആർ. സി. സി. യിൽ ബിരുദാനന്തര കോഴ്സുകൾ നടത്തുവാൻ യൂണിവേഴ്സിറ്റിയിൽ നിന്നും അനുവാദം ലഭിച്ചിട്ടില്ല. ഇപ്പോൾ ക്യാൻസർ സെന്ററിന്റെ ബിരുദാനന്തര ബിരുദ കോഴ്സുകൾ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഭാഗമായാണ് നടത്തി വരുന്നത്.

ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പതോളജിസ്റ്റ് തസ്തികയിലേക്കുള്ള നിയമനം.

204 (1139) ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പതോളജിസ്റ്റ് തസ്തികയിലേയ്ക്കുള്ള നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) 2001 മേയ് ഒന്നിനുശേഷം പി.എസ്.സി. തെരഞ്ഞെടുത്ത ആരും ഈ തസ്തികയിൽ ഉണ്ടായിരിക്കുകയില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള യോഗ്യത എന്താണ് ;

(ഡി) ഇതുസംബന്ധിച്ച് പി.എസ്.സി. യുടെ അന്വേഷണത്തിന് സർക്കാരിനു വേണ്ടി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ രേഖാമൂലം മറുപടി നൽകിയിട്ടും പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനം വൈകിപ്പിക്കുകയാണെന്നുള്ള പരാതിയെക്കുറിച്ച് അന്വേഷണം നടത്തുമോ ;

(ഇ) ഈ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി വിജ്ഞാപനം എപ്പോഴാണ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പതോളജിസ്റ്റ് തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തെങ്കിലും പി.എസ്.സി.യിൽ നിന്നും ഉദ്യോഗാർത്ഥികളെ ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത തസ്തികകളിൽ താല്ക്കാലിക നിയമനം നടത്തിയിട്ടുണ്ട്.

(ബി) ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly